## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4626 29.06.2012-ൽ മറുപടിയ്ക്ക്

### മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയ്ക്കായി നിക്ഷേപിച്ച കോർപ്പസ് ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം : | | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; | (എ) | 19/03/2012 - ലെ സ.ഉ. (കൈ) നം. 57/12/പൊ.ഭ.വ പ്രകാരം കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി സമ്പൂർണ്ണമായി പലിശ രഹിതമാക്കിക്കൊണ്ട് പുനരാവിഷ്ക്കരിക്കുകയുണ്ടായി. |
| (ബി) | മുൻ സർക്കാർ ഇതിനായി നിക്ഷേപിച്ച കോർപ്പസ് ഫണ്ട് എത്രയാണെന്നും ഇത് എവിടെയാണ് നിക്ഷേപിച്ചിരുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | പത്തുകോടി രൂപ. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ട് എവിടെയാണ് നിക്ഷേപിച്ചത് ; | (സി) | കോഴിക്കോട് സബ്ട്രഷറിയിൽ. |
| (ഡി) | എന്തു തുകയാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | 11,15,21,233/- (പതിനൊന്നു കോടി പതിനഞ്ചുലക്ഷത്തി ഇരുപത്തൊന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) |
| (ഇ) | കോർപ്പസ് ഫണ്ടിൽ വന്ന വർദ്ധനവ് എത്രയാണ് ; | (ഇ) | 1,15,21,233/- ( ഒരു കോടി പതിനഞ്ചു ലക്ഷത്തി ഇരുപത്തൊന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) വർദ്ധനവായി ലഭിച്ച 1,15,21,233/- രൂപ മദ്രസ്സാ ക്ഷേമനിധി പെൻഷനുമായി ബന്ധപ്പെടാത്ത പൊതു ആവശ്യത്തിനായി നീക്കിവെച്ചിട്ടുള്ളതാണ്. |
| (എഫ്) | ഈ വർദ്ധനവ് സർക്കാറിന്റെ ബഡ്ജറ്റ് വിഹിതമാണോ ; | (എഫ്) | അല്ല. |
| (ജി) | പ്രസ്തുത ഫണ്ട് നിക്ഷേപിച്ച ട്രഷറി, ബാങ്കിംഗ് ട്രഷറിയാണോ ? | (ജി) | കോഴിക്കോട് സബ്ട്രഷറി പ്രവർത്തിക്കുന്നത് ബാങ്കിംഗ് ട്രഷറിയായിട്ടാണെങ്കിലും പണം നിക്ഷേപിച്ചിരിക്കുന്നത് 23/11/2011-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 8611/11/Fin പ്രകാരം ട്രഷറിയിലെ പലിശരഹിത സ്പെഷ്യൽ ടി. എസ്. ബി അക്കൗണ്ടിലാണ്. |

സെക്ഷൻ ആഫീസർ.